SUNDAY 14/09/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/09/2025

1. ജൈവ കർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് – 2025 ലേക്ക് അപേക്ഷ ക്ഷണിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സരോജിനി – ദാമോദരൻ ഫൗണ്ടേഷന്റെ സാരഥിയും, ഇൻഫോസിസിൻറെ സ്ഥാപകർമാരിൽ ഒരാളുമായ ശ്രീ ഷിബുലാലും കുടുംബവുമാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ അക്ഷയശ്രീ അവാർഡ് നൽകിവരുന്നത്. 17–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/– രൂപാ വീതമുള്ള 14 അവാർഡുകളും, മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ മികച്ച രീതിയിൽ ജൈവകൃഷി ചെയ്യുന്നവർക്ക് 10,000/– രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിലധികമായി പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണമായ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും തിരുവനന്തപുരം ജില്ലാ പഞ്ചായത്തും സംയുക്തമായി പെരിങ്ങമല ജില്ലാ കൃഷിതോട്ടത്തിൽ വെച്ച് സെപ്തംബർ 17 മുതൽ 19 വരെ ഫാം ഫ്യൂഷൻ സംഘടിപ്പിക്കുന്നു.കാർഷിക സെമിനാറുകൾ, കാർഷിക വിപണന മേള,പ്രദർശന സ്റ്റാളുകൾ, നാടൻ ഭക്ഷ്യമേള, ഫാം വിസിറ്റുകൾ, കലാ വിരുന്ന്, കൃഷി അധിഷ്ഠിത വിനോദ വിജ്ഞാന മൽസരങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേന്ദ്ര സർക്കാർ "**ദേശീയ ഗോപാൽ രത്ന പുരസ്കാരം 2025** " അപേക്ഷ ക്ഷണിച്ചു. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ, ഏറ്റവും നല്ല ഡയറി കോപ്പറേറ്റീവ് / മിൽക്ക് പ്രൊഡ്യൂസർ കമ്പനി / ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ , ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ (AIT), എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്. മുൻ വർഷങ്ങളിൽ ഗോപാൽരത്ന/കാമധേനു അവാർഡ് എന്നിവയിൽ ഏതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ള കർഷകർ/ സ്ഥാപനങ്ങൾ ഗോപാൽ രത്ന 2025 പുരസ്കാരത്തിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല. കേന്ദ്രസർക്കാർ (എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികൾ (പശുക്കൾ –53 ജനുസ്സുകൾ, എരുമ – 20 ജനുസ്സുകൾ) പരിപാലിക്കുന്ന കർഷകർക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ട്. 90 ദിവസത്തെ കൃത്രിമ ബീജാധാന പരിശീലനം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെയോ, കേന്ദ്ര ഭരണ പ്രദേശങ്ങളിലേയോ കന്നുകാലി വികസന ബോർഡുകൾ/മിൽക്ക് ഫെഡറേഷനുകൾ/എൻ.ജി.ഒ കൾ/മറ്റ് സർക്കാർ/സ്വകാര്യ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബീജാധാന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന എ.ഐ ടെക്നീഷ്യന്മാർക്ക് ഗോപാൽരത്ന പുരസ്കാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വെറ്ററിനറി ഡോക്ടർമാരെ ഈ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല. Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന അവാർഡ് പോർട്ടലിലൂടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15/09/2025. താൽപ്പര്യമുള്ള ക്ഷീര കർഷകർ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഡോക്ടറെയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനേയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.

## പരിശീലന പരിപാടി

4. തിരുവനന്തപുരം സ്റ്റാച്യുവിലെ ഗ്രാമീണ സ്വയംതൊഴിൽ കേന്ദ്രത്തിൽ പത്തുദിവസത്തെ സൗജന്യ നഴ്സറി കൃഷി പരിശീലനം ഈ മാസം 22 ന് ആരംഭിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിന് 0471

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2322430, 9600593307 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. ഇൻ്ററർവ്യൂ 20ന്. രാവിലെ 9.30മുതൽ വൈകിട്ട് 5 വരെയാണ് ക്ലാസ്.

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ "മുട്ടക്കോഴി വളർത്തൽ" എന്ന വിഷയത്തിൽ 17/09/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

6. ചെങ്ങന്നൂർ സെൻട്രല് ഹാച്ചറി പരിശീലന വിഭാഗത്തില് സെപ്റ്റംബര് 16 ന് ടർക്കി കോഴി വളർത്തല്, 23, 24 തീയതികളില് മുട്ടക്കോഴി വളർത്തല് എന്നീ വിഷയങ്ങളില് രാവിലെ 10 മുതല് വൈകിട്ട് അഞ്ച് വരെ സൗജന്യ പരിശീലനം നൽകും. പങ്കെടുക്കുന്നതിന് സെൻട്രല് ഹാച്ചറി പരിശീലന വിഭാഗത്തിലെ 0479 2452277, 2457778,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7736336528 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

## കാർഷിക നിർദേശം

തെങ്ങ് പാറ്റ ഗുളിക + മണൽ, വേപ്പിൻ പിണ്ണാക്ക് + മണൽ, മെറ്റാറൈസിയം, ക്ലോരാ ന്ദ്രനിലിപ്രോൾ എന്നിവ ഉപയോഗിച്ച് ചെമ്പൻ ചെല്ലി ആക്രമണത്തെയും കൊമ്പൻ ചെല്ലി ആക്രമണത്തെയും കുറയ്ക്കും

റംബൂട്ടാൻ മരങ്ങളിൽ കായ് പൊഴിച്ചിൽ നിയന്ത്രിക്കാൻ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച തളിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം